ട്ടുള്ളു. അതുകൊണ്ട് ആ റോഡ് അത്രയും ഏറെറടുത്താൽ മതിയെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 24 കിലോമീറററിനുപകരം രണ്ടര കിലോമീറർ റോഡ് ഏറെടുത്തുകൊണ്ട് എം. എൽ. എ. റോഡായി അനുവദിച്ച് ഗവൺമെന്റ് ഓർഡർ ഇഷ്യു ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഈ രണ്ട് റോഡിനും ഗവൺമെന്റ് ഓർഡർ ഇഷ്യു ചെയ്തുകഴിഞ്ഞുവെങ്കിലും കിട്ടുമെന്നു പറഞ്ഞ സ്ഥലവും കിട്ടാതിരിക്കുകയാണെങ്കിൽ ഈ സാമ്പത്തിക വർഷത്തിൽ റോഡിന്റെ പണി തുടങ്ങാൻ സാധിക്കുമോയെന്നുള്ള കാര്യം സംശയമാണ്. അതുകൊണ്ട് ആ സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള സത്വരമായ ശ്രദ്ധ ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിക്കണം.

(12) പാറക്കുളത്ത് ഒരു കോളേജ് ആരംഭിക്കുന്ന് നടപടി

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, എന്റെ നിയോജകമണ്ഡലമായ തൃത്താല നിയോജകമണ്ഡലത്തിലെ പറക്കുളം എന്ന സ്ഥലത്ത് ഒരു കോളേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവിടത്തെ ജനങ്ങൾ കക്ഷിരാഷ്ട്രീയത്തിന്നതീതമായി ജാതിമതഭേദമെന്യേ സംഘടിച്ച് ഒരു സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. 1964-ൽ അവിടെയുള്ള ഏതാനും ചില മഹാമനസ്കരായ ആളുകൾ 42 ഏക്കർ സ്ഥലം ഈ പറക്കുളത്ത് കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടി എൻ. എസ്. എസ്. നെ ഏൽപ്പിക്കുകയുണ്ടായി. എൻ. എസ്. എസ്. പല പ്രാവശ്യം കോളേജിനുവേണ്ടി അപേക്ഷിച്ചു. നാലു പ്രാവശ്യം കാലിക്കട്ട് യൂണിവേഴ്സിറ്റി ശുപാർശ ചെയ്തു. എന്നിട്ടും ആ കോളേജ് ഇതുവരെ അനുവദിച്ചിട്ടില്ല. തൃത്താല നിയോജകമണ്ഡലത്തിന്റെ പരിസരപ്രദേശങ്ങളിലായി പത്തുപതിനഞ്ചു ഹൈസ്ക്കൂളുകൾ ഉണ്ട്. ആ ഹൈസ്ക്കൂളുകളിൽ പഠിച്ച് പാസ്സായി വരുന്ന വിദ്യാർത്ഥികൾ പട്ടാമ്പി, ഗുരുവായൂർ, തൃശ്ശൂർ, പൊന്നാനി എന്നിങ്ങനെയുള്ള ദൂരസ്ഥലങ്ങളിലുള്ള കോളേജുകളിൽപ്പോയി പഠിക്കുകയാണ്. ചിലർക്ക് കോളേജിൽ പഠിക്കാൻ കഴിയുന്നില്ല. തൃത്താല നിയോജകമണ്ഡലത്തിന്റെ പിന്നോക്കാവസ്ഥ കണക്കിലെടുത്തുകൊണ്ട്, അവിടെ പരിസരപ്രദേശത്തൊന്നും കോളേജില്ലെന്നുള്ള അവസ്ഥ കണക്കിലെടുത്തുകൊണ്ട് അവിടെ ഒരു കോളേജ് അടുത്ത അദ്ധ്യയനവർഷത്തിൽത്തന്നെ ആരംഭിക്കത്തക്കവിധത്തിൽ നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

(13) സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നും കൃഷിക്കാർക്ക് കൊടുക്കേണ്ട പൈസ കൊടുക്കാൻ നടപടി

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ എന്റെ നിയോജകമണ്ഡലത്തിൽ വടകരപ്പാതി പഞ്ചായത്തിൽ കേരാമ്പാറ സോയിൽ കൺസർവേഷൻ ലോക്കൽ കമ്മിറ്റിക്കാരുടെ നിർദ്ദേശമനുസരിച്ച് അവിടെയുള്ള 73 കൃഷിക്കാരെ കൊണ്ട് ജോലി ചെയ്യിപ്പിച്ചു. നിലം നേരെയാക്കിയ ശേഷവും അവർക്ക് പൈസ കൊടുക്കുന്നില്ല. അതുപോലെതന്നെ കള്ളിയാംപാറ എന്ന സ്ഥലത്തുള്ള കൃഷിക്കാർക്കും പൈസ കൊടുത്തിട്ടില്ല. ഓഗസ്റ്റ് മാസത്തിൽ 12 ലക്ഷം രൂപ അനുവദിച്ചു എന്നുപറഞ്ഞു. പക്ഷേ ആ പൈസ കൊടുത്തിട്ടില്ല. ചില കൃഷിക്കാർക്കു മാത്രമാണ് പൈസ കൊടുത്തിരിക്കുന്നത്. അവർ വളരെ കഷ്ടപ്പാട് സഹിച്ചും നഷ്ടം സഹിച്ചുമാണ് അത് ചെയ്തത്. അതുകൊണ്ട് അവർക്ക് കൊടുക്കാനുള്ള പൈസ ഉടനെ കൊടുക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, പാലക്കാട് ജില്ലയിൽ വടകരപ്പാതി പഞ്ചായത്തിൽ 1985-86-ൽ മണ്ണുസംരക്ഷണത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly